Coverage Report: TCS IT Wiz – pre and Post-event Kochi

**Publication**: Madhyamam
**Edition**: Kochi
**Date**: 15.10.2014
**Page**: 4
**Headline**: TCS Quiz:  Loyola School Thiruvananthapuram wins

---

# ടി.സി.എസ് ഐ.ടി വിസ് ക്വിസ്: തിരുവനന്തപുരം ലയോള സ്കൂൾ വിജയികൾ

**കൊച്ചി:** ടി.സി.എസ് ഐ.ടി വിസ് ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള സ്കൂളിലെ അദിത് ചന്ദ്ര-വിഘ്നേഷ് കൃഷ്ണൻ സഖ്യം വിജയികളായി. പൈങ്ങോട്ടൂർ സെൻറ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിലെ ബ്രിട്ടോ സാബു-കെവിൻ ജോർജ് സഖ്യത്തിനാണ് രണ്ടാം സ്ഥാനം.

ദേശീയ തലത്തിൽ നടക്കുന്ന ടി.സി.എസ് ഐ.ടി വിസ് ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള കേരളത്തെ പ്രതിനിധീകരിക്കും. ഇന്ത്യയിലെ ഏറ്റവും വലിയ ഇൻറർ സ്കൂൾ ഐ.ടി ക്വിസ് മത്സരമാണ് ടാറ്റാ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിച്ച ടി.സി.എസ് ഐ.ടി വിസ്. കലൂർ ഗോകുലം പാർക്ക് കൺവെൻഷൻ സെൻററിൽ നടന്ന കൊച്ചി എഡിഷനിൽ വിജയികൾക്ക് പുറമെ കാക്കനാട് ഭവൻസ് ആദർശ വിദ്യാലയയിലെ കാർത്തിക് ഗണപതി- വാസുദേവ് ചക്രവർത്തി, കോഴിക്കോട് ഭാരതീയ വിദ്യാഭവനിലെ അലോക് റിയോൺ-അമൃത് ചന്ദ്, തൃശൂർ ഭവൻസ് വിദ്യാമന്ദിറിലെ അഖിലേഷ് ബാലകൃഷ്ണൻ-ജെ.സമീർ, തൃശൂർ ഹരിഃശ്രീ വിദ്യാനിധിയിലെ ഹരിശങ്കർ പ്രദീപ്-ശ്യാം പിഷാരടി എന്നിവരും ഫൈനലിലെത്തി.

ഒന്നാം സ്ഥാനക്കാർക്ക് ഐപാഡ് എയറും രണ്ടാം സ്ഥാനക്കാർക്ക് ഐപാഡ് മിനിയും സമ്മാനമായി ലഭിച്ചു. ട്രോഫികളും മെഡലുകളും നൽകി. വിജയികൾക്ക് ഐ.ടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യനും ടി.സി.എസ് വൈസ് പ്രസിഡൻറ് സുധീർ വാര്യരും ചേർന്ന് സമ്മാനങ്ങൾ വിതരണം ചെയ്തു.

Coverage Report: TCS IT Wiz – pre and Post-event Kochi

**Publication**: Madhyamam
**Edition**: Kochi
**Date**: 06.10.2014
**Page**: 4
**Headline**: IT Wiz Quiz contest

## ഐ ടി ക്വിസ് മത്സരം

കൊച്ചി: ഐടി സർവ്വീസസ് കൺസൾടിംഗ് , വിസിനസ്സ് സൊല്യൂഷ്യൻസ് സ്ഥാപനമായ ടാറ്റ കൺസൾട്ടൻസി സർവീസസ് (ടിസിഎസ്) സംഘടിപ്പിക്കുന്ന ടിഎസ്എസ് ഐടി ക്വിസ് മത്സരം 14ന് നടക്കും. ഗോകുലം കൺവെൻഷൻ സെന്ററിൽ നടക്കുന്ന മത്സരത്തിൽ എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പങ്കെടുക്കാം. എൻട്രി ഫീ ഇല്ല. ഒക്ടോബർ 11നു മുമ്പായി www.tc-si-tw-iz.com എന്ന വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യണം. കുടുതൽ വിവരങ്ങൾക്ക് 9847895551 എന്ന മ്പറിൽ ബന്ധപ്പെടുക.